കെ. എസ്. ടി. പി.-യിലെ റോഡ് മെയിന്റനൻസ് ബാക്ക്ലോഗ് തീർക്കുന്ന പദ്ധതി

*17 [503] ശ്രീ. സാജു പോൾ :

,, വി. കെ. സി. മമ്മത്കോയ :

,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിൽപ്പെടുത്തി റോഡ് മെയിന്റനൻസ് ബാക്ക്ലോഗ് തീർക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) രണ്ടാം വർഷത്തേക്കുള്ള പണികളുടെ പുരോഗതി വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൻ കീഴിൽ ഒരു കിലോമീറ്റർ മെയിന്റനൻസിന് എന്തു തുക ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കണക്ക് അനുസരിച്ച് ഒരു കിലോമീറ്റർ റോഡിന്റെ മെയിന്റനൻസ് ചെലവ് എത്രയാണ്;

(ഇ) ഈ മെയിന്റനൻസ് പദ്ധതി എത്ര വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മൊത്തം എത്ര കിലോമീറ്റർ റോഡാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇതുവരെ എത്ര കിലോമീറ്ററിന്റെ മെയിന്റനൻസ് പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ ഭാഗമായി ഏകദേശം 1000 കി. മീറ്റർ ദൂരം റോഡ് ഹെവിമെയിന്റനൻസിലും 600 കി. മീറ്റർ ദൂരം റോഡ് അപ്ഗ്രഡേഷനിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ ഒരു രണ്ടാം ഘട്ട പദ്ധതിക്കുവേണ്ടി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) രണ്ടാം വർഷ ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തിയ 13 റോഡുകളുടെ (335.5 കി. മീ.) പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. (ലിസ്റ്റ് ചേർക്കുന്നു.)†

(സി) ഈ പദ്ധതിയിൽ ഒരു കിലോമീറ്റർ മെയിന്റനൻസിന് ഏകദേശം 30-35 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാധാരണഗതിയിൽ വ്യാപകമായ കേടുപാടുകൾ ഇല്ലാത്ത റോഡുകളിൽ ഒരു കിലോമീറ്റർ പാച്ച് വർക്ക് ചെയ്യുന്നതിന് 2004-ലെ നിരക്ക് അനുസരിച്ച് 1.3 ലക്ഷം രൂപയും ഉപരിതലം പുതുക്കുന്നതിന് മേജർ ഡിസ്ട്രിക്റ്റ് റോഡുകളിൽ 6 ലക്ഷം രൂപയും സംസ്ഥാന പാതകളിൽ 8 ലക്ഷം രൂപയും ചെലവാകുമെന്നാണ് കണക്കാക്കുന്നത്. സംസ്ഥാന പാതകളിൽ ബി. എം. ആന്റ് എ. സി. ചെയ്യുന്നതിന് ഏതാണ്ട് 25-30 ലക്ഷം രൂപയും ചെലവു വരും.

(ഇ) ഒന്നാം വർഷം, രണ്ടാം വർഷം, മൂന്നാം വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹെവി മെയിന്റനൻസ് 2006 ജൂലൈക്ക് മുമ്പ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. മെയിന്റനൻസിൽ ഏകദേശം 1000 കി. മീ. ദൂരം റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം വർഷ മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള 13 റോഡുകളുടെ (339.1 കി. മീ.) അറ്റകുറ്റപ്പണികൾ പൂർത്തിയായി.

ഭൂമൈത്രീ പദ്ധതി

*18 [504] ശ്രീ. വി. കെ. ചന്ദ്രൻ :
,, ടി. കെ. ദേവകുമാർ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമൈത്രീ എന്ന പേരിൽ ഒരു പദ്ധതിക്ക് ഭവന നിർമ്മാണ വകുപ്പ് രൂപം കൊടുത്തിരുന്നോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതിനായി 2003-04 സാമ്പത്തിക വർഷം എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു;

(ഡി) ഈ പദ്ധതിക്കായി 2003-04 സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) ഈ പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിക്കായി ഈ വർഷം (2004-05-ൽ) എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഭൂമൈത്രീ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly